# പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പള്ളം ബുക്കാനാൻ ഗേൾസ് ഹൈസ്കൂളിൽ നടപ്പിലാക്കിയതിന്റെ റിപ്പോർട്ട് 2016-17

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നടപ്പാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ പള്ളം ബുക്കാനാൻ ഗേൾസ് ഹൈസ്കൂൾ പങ്കാളികളായി. രാവിലെ തന്നെ കാമ്പസും പരിസരവും മാലിന്യമുക്തമാക്കി. തുടർന്ന് രാവിലെ 10 മണിക്ക് സ്കൂൾ അസംബ്ളി വിളിച്ച ചേർത്തു. ഹെഡ്മിസ്ട്രസ് ശ്രീമതി. മേരി മാണി എം അസംബ്ളിയുടെ ലക്ഷ്യം എന്താണെന്നും, എന്താണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നും കുട്ടികൾക്ക് വിശദമാക്കി കൊടുത്തു. തുടർന്ന് ഈ വിദ്യാലയത്തിൽ ഇന്നു മുതൽ ഗ്രീൻ പ്രോട്ടോകോൾ നിലവിൽ വന്നതായി പ്രഖ്യാപിക്കുന്നു എന്നറിയിച്ച . ഗ്രീൻ പ്രോട്ടോകോൾ എന്താണെന്ന് കുട്ടികളോട് വിശദീകരിച്ചു. പ്ളാസ്റ്റിക്കിനെതിരെ ബോധവൽക്കരണം നടത്തി. ഗ്രീൻ പ്രോട്ടോകോൾ ഇനി മുതൽ അനുസരിച്ചുകൊള്ളാമെന്ന് കുട്ടികൾ പ്രതിജ്ഞ ചെയ്തു. തുടർന്ന് കുട്ടികളെ ക്ളാസ്സുകളിലേക്ക് അയച്ചു. പിന്നീട് പി.ടി.എ പ്രസിഡന്റ് ശ്രീ. എ. ആർ രാജൻ, വൈസ് പ്രസിഡന്റ് ശ്രീ.പി.യു. ജോസഫ്, ലോക്കൽ മാനേജർ റവ. മാത്യൂസ് പി. ഉമ്മൻ എന്നിവരുടെ നേതൃത്വത്തിൽ രക്ഷകർത്താക്കളും അദ്ധ്യാപകരും പൊതുജനങ്ങളും പ്രതിജ്ഞയെടുക്കുവാൻ ഒത്തുകൂടി. ബി.ആർ.സി ട്രെയിനർ ശ്രീമതി ബിന്ദുമോൾ എ. എം സന്നിഹിതയായിരുന്നു. പി.ടി.എ പ്രസിഡന്റ് ശ്രീ. എ. ആർ രാജൻ ചൊല്ലിക്കൊടുത്ത പ്രതിജ്ഞ എല്ലാവരും ഏറ്റുചൊല്ലി. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ സംബന്ധമായ ബാനറും പോസ്റ്ററുകളും കാമ്പസിൽ പ്രദർശിപ്പിച്ചിരുന്നു. അങ്ങനെ പള്ളം ബുക്കാനാൻ ഗേൾസ് ഹൈസ്കൂൾ മികവിന്റെ കേന്ദ്രമാകാനുള്ള മഹായജ്ഞത്തിൽ പങ്കാളികളായി.

27-01-2017
പള്ളം

ഹെഡ്മിസ്ട്രസ്
മേരി മാണി എം